## (2) സിസ്റ്റർ അഭയയുടെ കൊലപാതകം സംബന്ധിച്ച കേസന്വേഷണം

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഞാനിതിനുമുൻപ് ഈ നിയമ സഭയിൽ രണ്ടു പ്രാവശ്യം അടിയന്തിരപ്രമേയമായും, സബ്മിഷനായും ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നമാണിത്. കോട്ടയം വൈറ്റൻ കോൺവെൻറിലെ അംഗവും, ബി. സി. എം. കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിനിയും ആയ ബീന എന്ന അഭയ 1992 മാർച്ച് 27-ാം തീയതിയാണ് മരിച്ചത്. ഇതൊരു കൊലപാതകമാണെന്നുള്ള നിലയ്ക്ക് ഗവൺമെൻറ് മുൻപാകെ ആവശ്യം ഉന്നയിക്കുകയും ആദ്യം കേസ് ക്രൈംബ്രാഞ്ചിനു വിടുകയും പിന്നീട് സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തുകയും ചെയ്തു. അത് പ്രയോജനമല്ലെന്ന് കണ്ട് കേസ് സി. ബി. ഐ.യ്ക്ക് വിട്ടു. 1993 ഏപ്രിൽ 4-ന് തുടങ്ങിയ അന്വേഷണം 1996 മാർച്ച് ആയിട്ടും അന്വേഷണം പൂർത്തിയായിട്ടില്ലെന്നു മാത്രമല്ല അന്വേഷണം നിരുൽസാഹപ്പെടുത്തിയിരിക്കുകയുമാണ്. ഇടയ്ക്ക് വന്ന് ഒരാഴ്ചയോ മറ്റോ എന്തെങ്കിലും കാട്ടിക്കൂട്ടുകയും പിന്നീട് തിരികെ പോകുകയും ചെയ്യുന്ന രൂപത്തിൽ അന്വേഷണത്തിൻറെ നിരുത്തരവാദിത്വമാണ് സി. ബി. ഐ.യുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. സംശയം തോന്നത്തക്ക രീതിയിൽ പ്രകടമായ ചില സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടുകാരനായിരുന്ന ഡി. വൈ. എസ്. പി. ശ്രീ. വർഗീസ് പി. തോമസ് നടത്തിയ അന്വേഷണത്തിൻറെ റിപ്പോർട്ട് എസ്. പി. ആയിരുന്ന ശ്രീ. ത്യാഗരാജൻ സമർപ്പിക്കാൻ തീരുമാനിച്ചപ്പോഴാണ് എസ്. പി. ആവശ്യപ്പെട്ടത് ഇതൊരു കൊലപാതകമല്ല, ആത്മഹത്യയാണെന്നുള്ള റിപ്പോർട്ട് കൊടുക്കണമെന്നാണ്. 1994 ജൂൺ 9-ാം തീയതി ഡി. വൈ. എസ്. പി. പത്രസമ്മേളനത്തിൽ അക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തു. ശ്രീ. തോമസ് വർഗ്ഗീസിൻറെ പ്രഖ്യാപനത്തിനു ശേഷം ശ്രീ. ത്യാഗരാജൻ, എസ്. പി. ഈ അന്വേഷണത്തിനു നേതൃത്വം വഹിക്കുന്നതു ശരിയല്ലെന്നു കണ്ടതുകൊണ്ട് 18 എം. പി. മാർ നിവേദനം കൊടുത്തു. അതിനുശേഷം ശ്രീ. ത്യാഗരാജനെ മാറ്റുകയും സി. ബി. ഐ. യുടെ ജോയിൻറ് ഡയറക്ടർ ശ്രീ. എം. എൽ. ശർമ്മയെ അന്വേഷണത്തിനു നിയോഗിക്കുകയും ചെയ്തു. ശ്രീ. ശർമ്മ അന്വേഷണം നടത്തുകയും ഡമ്മി പരീക്ഷണം നടത്തുകയും ചെയ്തു. ഡമ്മി പരീക്ഷണം നടത്തിയതിനുശേഷം അദ്ദേഹം ഡൽഹിയിൽ വച്ചു പ്രഖ്യാപിച്ചത് ഇതൊരു വ്യക്തമായ തെളിവുകളുള്ള കൊലപാതകമാണെന്നാണ്. കുറ്റവാളികളെ ഉടനെ തന്നെ പിടിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. അദ്ദേഹം പോയതിനു ശേഷം ഇതേവരെ മടങ്ങി വന്നിട്ടില്ല. പിന്നീട് ഒരു ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിരന്തരമായി ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വാർഷിക ദിനത്തിൽ ശ്രീ. സുധീരനും ആ യോഗത്തിൽ സംബന്ധിക്കുകയുണ്ടായി. പിന്നീട് ഈ കേസ് ഹൈക്കോടതിയിൽ പോയി. ആക്ഷൻ കമ്മിറ്റിയുടെ ചെയർമാൻ ഹൈക്കോടതിയിൽ ഒരു അപേക്ഷ കൊടുത്തു. ഹൈക്കോടതിയിൽ നിന്നും ഉടനെ തന്നെ സി. ബി. ഐ.യോട് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. ഡി. വൈ. എസ്. പി. തോമസ് വർഗ്ഗീസ് അന്വേഷണം നടത്തിയിരുന്ന കാലത്തുണ്ടായിരുന്ന കാര്യം ഞാൻ പറഞ്ഞു. പിന്നീട് ഇടയ്ക്കിടെ വരികയും തെളിവുണ്ടെന്നേ പറയുകയും കുറ്റവാളികളെ

LIBRARY ARCHIVES Kerala Legislative Assembly

ഉടൻ അറസ്റ്റ് ചെയ്യുമെന്ന് പറയുകയും, കുറച്ചു നാൾ കഴിഞ്ഞ് അവർ പോകുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇപ്പോഴും ടി. ബി. യിലെ റും വിട്ട് അവർ പോയിക്കഴിഞ്ഞിരിക്കുകയാണ്. 27-ാം തീയതി ആകുമ്പോഴേ അഭയ മരിച്ചിട്ട് നാലുവർഷമാകുന്നു. ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ പുരോഹിതൻമാരും, സ്വാതന്ത്ര്യസമര ഭടൻമാരും, കന്യാസ്ത്രീകളുമടങ്ങുന്ന വലിയൊരു സംഘമാളുകൾ കോട്ടയത്തു നിന്നു ഇവിടെ വന്നു ധർണ്ണ നടത്തുകയാണ്. ധർണ്ണ നടത്തുന്നതുകൊണ്ടുകൂടിയാണ് ഈ പ്രശ്നം ഞാനിവിടെ ഉന്നയിക്കുന്നത്. കേസ് ക്രൈംബ്രാഞ്ചിനു വിടുന്നു എന്നു പറയുന്നു. ക്രൈംബ്രാഞ്ച് എന്നു പറയുന്നത് ഒരൽഭുത സംഭവമാണെന്ന രീതിയിലാണ്. ക്രൈം ചെയ്യുന്ന ബ്രാഞ്ചാണ് ക്രൈംബ്രാഞ്ച്. ചില പോലീസുകാരെ ക്രൈം ആക്കും. കാരണം അവർക്ക് പ്രത്യേക ചുമതല ഇല്ലാത്തതുകൊണ്ട് കാര്യങ്ങൾ വേഗം നടത്തട്ടെയെന്ന സദുദ്ദേശത്തോടു കൂടിയാണ്. പക്ഷേ ക്രൈംബ്രാഞ്ച് അന്വേഷിച്ചിട്ടും സ്പെഷ്യൽ ടീം അന്വേഷിച്ചിട്ടും നടപടിയില്ലെന്നു മാത്രമല്ല; ക്രൈം ബ്രാഞ്ചിന്റെ ചാർജ് വഹിച്ചിരുന്നതും, ഡി. വൈ. എസ്. പി. ആയി റിട്ടയർ ചെയ്തതുമായ ഒരാൾ പരസ്യമായി പ്രസ്താവിച്ചിരിക്കുകയാണ് സി. ബി. ഐ. അല്ല അതിനപ്പുറത്തെ ബി. ഐ. വിചാരിച്ചാലും ഇത് കൊലപാതകമാണെന്നു തെളിയിക്കാൻ പറ്റില്ല, ഇത് ആത്മഹത്യയാണെന്നാണ്? ഏഷ്യാനെറ്റിൽ അദ്ദേഹം കൊടുത്തിട്ടുള്ള ഇൻറർവ്യൂവിലും ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സിസ്റ്റർ അഭയയുടെ അപ്പനും അമ്മയും നൂറിൽ ചിലപ്പോൾ കന്യാസ്ത്രീകളും, പത്തൻപതു അച്ചൻമാരും, മൂന്നു ബിഷപ്പുമാരും, കമ്മിറ്റിയുടെ കൺവീനറും, മുനിസിപ്പൽ ചെയർമാനും, ഞാനും പങ്കെടുത്ത മഹാസമ്മേളനത്തിൽ വച്ച് കൊലപാതകമാണെന്നാണ് ബിഷപ്പ് തിരുമേനിമാർ പരസ്യമായി പ്രഖ്യാപിച്ചത്. മൂന്നു കൊല്ലമായിട്ടും ഇതുവരെ സി. ബി. ഐ. ഫലപ്രദമായ അന്വേഷണം നടത്തിയിട്ടില്ല. ഡമ്മി പരീക്ഷണത്തെ തുടർന്നു ഡൽഹിയിൽ പരസ്യമായി ധർണ്ണ പ്രഖ്യാപിച്ചതാണ്. അതിലും യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. അതുകൊണ്ട് ഈ കേസ് സി. ബി. ഐ.ക്ക് വിടാൻ നിർദ്ദേശം നൽകിയ ഗവൺമെൻറ് തന്നെ ഇക്കാര്യത്തിൽ നിരുത്തരവാദിത്വവും കാലതാമസവും അമാന്തവും ഒഴിവാക്കി നാലു വർഷം തികയുന്ന ഈ സന്ദർഭത്തിലെങ്കിലും കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള കാര്യക്ഷമവും ആത്മാർത്ഥവുമായ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ സി. ബി. ഐ. മേധാവികളെ നിർബന്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു നടപടി അങ്ങു സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, സിസ്റ്റർ അഭയ എന്റെ നാട്ടുകാരിയും, ഞങ്ങൾ ഒരേ ഇടവകയിലെ അംഗങ്ങളുമാണ്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ കോൺസ്റ്റിറ്റ്യുൻസിയിൽപ്പെട്ട ആളുമാണ്. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഞങ്ങൾ രണ്ടു പേരും കഴിഞ്ഞ രണ്ടു തവണ നിയമസഭയിൽ സബ്മിഷനിലൂടെ സിസ്റ്റർ അഭയ കേസ് സംബന്ധിച്ച കൊലപാതകത്തിന്റെ അന്വേഷണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടിരുന്നു. തുടക്കത്തിൽ ലോക്കൽ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും, ഇപ്പോൾ സി. ബി. ഐ. യും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ 27-ാം തീയതിയാകുമ്പോൾ സിസ്റ്റർ അഭയ മരിച്ചിട്ട് നാലു വർഷമാകുന്നു. നാലു വർഷമായിട്ടും ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ വെളിച്ചത്തു കൊണ്ടുവരാൻ സി. ബി. ഐ.-ക്ക് പോലും കഴിഞ്ഞിട്ടില്ല. സി. ബി. ഐ. യുടെ സ്വതന്ത്രമായ പ്രവർത്തനത്തെ ഇന്നു ഞങ്ങൾ സംശയാസ്പദമായ രീതിയിലാണ് കാണുന്നത്. സിസ്റ്റർ അഭയ ജനിച്ചു വളർന്ന സമുദായവും കന്യാസ്ത്രീകളുടെ



LIBRARY ARCHIVES Kerala Legislative Assembly

സമൂഹവും അകാരണമായി മന്ദഗതിയിൽ ദീർഘിപ്പിച്ചുപോകുന്ന അന്വേഷണത്തെ വളരെ സംശയാസ്പദമായ രീതിയിലാണ് വീക്ഷിക്കുന്നത്. കുറ്റവാളികളെ രക്ഷപ്പെടാനിടയുള്ള ചില സാഹചര്യങ്ങളുണ്ട്. ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ കേന്ദ്രത്തോട് നേരിട്ട് ഇടപെട്ട് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കുകയും, കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനും, തോമസ് ചാഴികാടനും പ്രകടിപ്പിച്ച വികാരങ്ങളും; കേസന്വേഷണം നീണ്ടു പോകുന്നതിൽ നാട്ടിലുള്ള ജനങ്ങളുടെ വികാരത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലായി. സിസ്റ്റർ അഭയയുടെ മരണം സംബന്ധിച്ചും അതിനെ ചുറ്റിപ്പറ്റിയുള്ള സംശയങ്ങൾക്ക് നിവാരണമുണ്ടാക്കി സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നതും കേരളത്തിന്റെ പൊതു വികാരമാണ്. ഈ വികാരം മാനിച്ചുകൊണ്ടും കേസ് അന്വേഷണം കൂടുതൽ ഫലപ്രദമായി നടത്തുന്നതിനും ജനങ്ങളുടെ അഭിലാഷം മാനിച്ചുകൊണ്ടുമാണ് സി. ബി. ഐ.-ക്ക് വിട്ടത്. ഈ കേസന്വേഷണം സി. ബി. ഐ. ഏറെറടുത്തുവെങ്കിലും ഇതുവരെ ഒരിടത്തുമെത്തിയിട്ടില്ല. സി. ബി. ഐ. യുടെ അന്വേഷണ വിവരങ്ങൾ സംസ്ഥാന ഗവൺമെന്റിനെ അറിയിക്കാറില്ല. കേസന്വേഷണം സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും ഉള്ള വികാരം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിനെ സംസ്ഥാന ഗവൺമെന്റ് അറിയിക്കുകയും ഉടൻ തന്നെ നടപടികൾ സ്വീകരിക്കുകയും ചെയ്യാമെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

## (3) ഇടുക്കി ജില്ലാ വികസനം

ശ്രീ. മാത്യു സ്റ്റീഫൻ : സർ, ഇടുക്കി ജില്ല രൂപംകൊണ്ടിട്ട് 25 വർഷക്കാലം കഴിഞ്ഞിരിക്കുകയാണ്. 25 വർഷക്കാലം പൂർത്തിയാക്കിയ ഈ ജില്ലയുടെ ആസ്ഥാന കേന്ദ്രത്തിൽ പ്രാഥമികമായ സൗകര്യങ്ങൾ പോലും ഇന്ന് ലഭ്യമല്ല. അവിടെ വരുന്ന ഉദ്യോഗസ്ഥൻമാർക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സുകളോ, അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിന് സ്കൂളുകളോ, കോളേജുകളോ ഇന്ന് നിലവിലില്ല. ഇടുക്കി ജില്ലയിലെ അഞ്ച് നിയോജകമണ്ഡലങ്ങളിലേയും ജനങ്ങൾ അവരുടെ ജില്ലാതല ആവശ്യങ്ങൾക്കുവേണ്ടി വരുന്നത് പൈനാവിലും വാഴത്തോപ്പിലുമാണ്. ആ പ്രദേശങ്ങൾ ഇന്നും വനഭൂമിയായി നിൽക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒരു പ്രോജക്ട് എന്നുള്ള നിലയിൽ പുതിയ വനനിയമം വരുന്നതിനുമുൻപുതന്നെ ഈ സ്ഥലം റവന്യൂ വകുപ്പിന് കൈമാറാനുള്ള അനുമതി ഉണ്ടായിരുന്നതാണ്. അതു സംബന്ധിച്ച് പിന്നീട് ഒരു തീരുമാനം എടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് വളരെ താൽപ്പര്യപൂർവ്വം കോൺഫറൻസ് വിളിച്ചുകൂട്ടി കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോഴും വനഭൂമി വിട്ടുകൊടുക്കുന്നില്ലെന്നുള്ള കാരണത്തിന്റെ പേരിൽ ഇടുക്കി ജില്ലാ ആസ്ഥാന വികസനം ഒരു സ്വപ്നമായി മാത്രം നിൽക്കുകയാണ്. രാവിലെ എഴുന്നേറ്റാൽ അവിടത്തെ ജീവനക്കാർ കാണുന്നത്

LIBRARY ARCHIVES Kerala Legislative Assembly